സ്വീകർത്താവ്,
രജിസ്ട്രാർ,
കേരള ലോകായുക്ത, തിരുവനന്തപുരം.

സർ,

വിഷയം: ലോകായുക്തയിൽ പരാതി സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച വിശദീകരണം

കേരള ലോകായുക്ത നിയമം, 1999 സെക്ഷൻ 9 പ്രകാരം ഏതൊരു വ്യക്തിക്കും പരാതി നൽകാമെന്നും പരാതി നിർദ്ദിഷ്ട ഫോമിൽ സത്യവാങ്മൂലത്തോടെ ആയിരിക്കണമെന്നും മനസ്സിലാക്കുന്നു. ഒരു പരാതി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാൽ താഴെ പറയുന്ന കാര്യങ്ങളിൽ ഔദ്യോഗിക വിശദീകരണം നൽകണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു:

1. വക്കീൽ ഇല്ലാതെ പരാതിക്കാരന് നേരിട്ട് (In Person) ഹാജരായി വാദിക്കാൻ തടസ്സമുണ്ടോ?
2. പരാതിയുടെ നിർദ്ദിഷ്ട ഫോർമാറ്റ്, സത്യവാങ്മൂലത്തിന്റെ മാതൃക, ആവശ്യമായ മുദ്രപ്പത്രം/കോർട്ട് ഫീ/റവന്യൂ സ്റ്റാമ്പ് എന്നിവ ഏതൊക്കെ?
3. പരാതി തപാൽ വഴിയോ ഇമെയിൽ/ഓൺലൈൻ വഴിയോ സമർപ്പിക്കാമോ? ഇതിനുള്ള വിലാസം/പോർട്ടൽ ഏത്?
4. വിചാരണ/ഹിയറിംഗ് ദിവസങ്ങളിൽ ഓൺലൈൻ (വീഡിയോ) ഹാജർ അനുവദനീയമാണോ? അതിനുള്ള നടപടിക്രമം എന്ത്?
5. സമർപ്പിക്കുന്ന പരാതിയുടെ എത്ര പകർപ്പുകൾ വേണം, അനുബന്ധ രേഖകൾ എങ്ങനെ ഹാജരാക്കണം?

മേൽപറഞ്ഞ വിവരങ്ങൾ ഇമെയിൽ വഴി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

.....

ഇമെയിൽ: .....

തീയതി: 08-10-2026

കേരള ലോകായുക്ത നിയമം, 1999 സെക്ഷൻ 9 പ്രകാരം ഏതൊരു വ്യക്തിക്കും പരാതി നൽകാമെന്നും പരാതി നിർദ്ദിഷ്ട ഫോമിൽ സത്യവാങ്മൂലത്തോടെ ആയിരിക്കണമെന്നും മനസ്സിലാക്കുന്നു. ഒരു പരാതി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാൽ താഴെ പറയുന്ന കാര്യങ്ങളിൽ ഔദ്യോഗിക വിശദീകരണം നൽകണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു:

1. വക്കീൽ ഇല്ലാതെ പരാതിക്കാരന് നേരിട്ട് (In Person) ഹാജരായി വാദിക്കാൻ തടസ്സമുണ്ടോ?
ഉത്തരം – തടസ്സമില്ല
2. പരാതിയുടെ നിർദ്ദിഷ്ട ഫോർമാറ്റ്, സത്യവാങ്മൂലത്തിന്റെ മാതൃക, ആവശ്യമായ മുദ്രപ്പത്രം/കോർട്ട് ഫീ/റവന്യൂ സ്റ്റാമ്പ് എന്നിവ ഏതൊക്കെ?
ഉത്തരം – പരാതിയുടെയും സത്യവാങ്മൂലത്തിന്റെയും നിർദിഷ്ട മാതൃക ഉള്ളടക്കം ചെയ്തിട്ടുണ്ട് .ലോകായുക്തയിൽ പരാതി സമർപ്പിക്കുന്നതിന് ഫീസ് ഇല്ല

3. പരാതി തപാൽ വഴിയോ ഇമെയിൽ/ഓൺലൈൻ വഴിയോ സമർപ്പിക്കാമോ? ഇതിനുള്ള വിലാസം/പോർട്ടൽ ഏത്?
പരാതി തപാൽ മുഖേന വഴി സമർപ്പിക്കാവുന്നതാണ് . എന്നാൽ ഓൺലൈൻ /ഇമെയിൽ മുഖേന പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല '

4. വിചാരണ/ഹിയറിംഗ് ദിവസങ്ങളിൽ ഓൺലൈൻ (വീഡിയോ) ഹാജർ അനുവദനീയമാണോ? അതിനുള്ള നടപടിക്രമം എന്ത്?
ഉത്തരം – ഓൺലൈൻ ഹിയറിങ് നടത്തണം എന്ന തങ്ങളുടെ ആവശ്യം കോടതിയിൽ സമർപ്പിക്കാവുന്നതാണ്

5. സമർപ്പിക്കുന്ന പരാതിയുടെ എത്ര പകർപ്പുകൾ വേണം, അനുബന്ധ രേഖകൾ എങ്ങനെ ഹാജരാക്കണം?

ഉത്തരം – ഉള്ളടക്കം ചെയ്ത നിർദേശങ്ങൾ പരിശോധിക്കുക
ഉള്ളടക്കം :–
1. പരാതിയുടെ മാതൃക
2. പരാതി സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

ബഹുമാനപ്പെട്ട കോടതി ലോകായുക്ത മുമ്പാകെ

പരാതി നമ്പർ:

പരാതിക്കാരൻ:

എതൃകക്ഷികൾ:

ഇൻഡക്സ്

ക്രമ നമ്പർ	വിവരണം	പേജ് നമ്പർ
1	പരാതി	
2	സത്യവാങ്മൂലം	
3	തെളിവ് 1 (Ext. P1)	
4	തെളിവ് 2 (Ext. P2)	
5		
6		

പരാതിക്കാരന്റെ ഒപ്പ്

പേര്

1999- ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ 3-ാം വകുപ്പു പ്രകാരം രൂപീകൃത മായ ലോക് ആയുക്ത മുമ്പാകെ

പരാതി നമ്പർ

1. പരാതിക്കാരൻ
(പരാതിക്കാരന്റെ പേരും മേൽവിലാസവും) :

2. എതൃകക്ഷി
(എതൃകക്ഷിയുടെ പേരും മേൽവിലാസവും
ഉദ്യോഗപ്പേരുണ്ടെങ്കിൽ അതും) :

3. പരാതിക്കാരന്റെ പേര് :

4. അച്ഛന്റെയോ ഭർത്താവിന്റെയോ പേര് :

(എ) പരാതിക്കാരന്റെ വയസ്സ് :

(ബി) തൊഴിൽ :

(സി) പരാതിക്കാരൻ ഒരു പബ്ലിക് സർവന്റോ
സർവ്വീസ് സംഘടനയോ തൊഴിലാളി
യൂണിയനോ ആണോ എന്ന് :

5. സ്ഥിരമായ മേൽവിലാസം :

(എ) പേര് :

(ബി) വീട്ട് നമ്പർ/പേര് :

(സി) തെരുവ്/റോഡ് :

(ഡി) വില്ലേജ്/വാർഡ് :

(ഇ) പോസ്റ്റ് ഓഫീസ് :

(എഫ്) താലൂക്ക് :

(ജി) ജില്ല/പിൻകോഡ് :

(എച്ച്) ഫോൺ നമ്പർ/(എസ്.റ്റി.ഡി. കോഡ്) :

6. പരാതിയിൽ ഉന്നയിക്കുന്ന സങ്കടത്തിനോ വിഷയമായ പ്രവൃത്തിയുടെ സ്വഭാവവും വിവരണവും, അതിന്റെ ഏകദേശ തീയതിയോ കാലയളവോ സഹിതം.

പരാതിയുമായി ബന്ധപ്പെട്ട വസ്തുതകൾ അറിയാവുന്നതും ലോക് ആയുക്തയോ ഉപലോകായുക്തയോ തെളിവിനായി സമൻ ചെയ്യണമെന്ന് പരാതിക്കാരൻ ആഗ്രഹിക്കുന്നവരുമായ ആളുകളുടെ (അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ) പേരും മേൽവിലാസവും :

8. പരാതിയോടൊപ്പം വയ്ക്കുന്ന പ്രമാണങ്ങൾ :

1.

2.

3.

4.

5.

6.

7.

8.

സ്ഥലം:
തീയതി:

പരാതിക്കാരന്റെ ഒപ്പ്

()ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ളത് എന്റെ/ഞങ്ങളുടെ അറിവിൽ സത്യമാണെന്നും () ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ളത് സത്യമാണെന്നു വിശ്വസിക്കപ്പെടുന്ന അറിവിന്മേലുള്ളതാണെന്നും ഞാൻ/ഞങ്ങൾ പ്രഖ്യാപിക്കുന്നു.

ഒപ്പ്:
തീയതി:

പരാതി നമ്പർ /20

പരാതിക്കാരൻ :

എതിർകക്ഷികൾ :

സത്യവാങ്മൂലം

....., ... വയസ്സ് ..... മകൻ/മകൾ ..... വീട്ടിൽ..... ജില്ലയിൽ പിൻ ..... എന്ന ഞാൻ ഭയഭക്തി ബഹുമാനപുരസ്സരം താഴെപറയും പ്രകാരം സത്യം ചെയ്തു ബോധിപ്പിച്ചുകൊള്ളുന്നു.

1. ഞാൻ ഇതോടൊപ്പമുള്ള പരാതിയിലെ ഹർജിക്കാരനാണ്.
2. ഈ പരാതിയിൽ പറയുന്ന എല്ലാ കാര്യങ്ങളും എന്റെ അറിവിലും ബോദ്ധ്യത്തിലും തികച്ചും ശരിയും വാസ്തവവുമാണ്.

ആകയാൽ ഇതോടൊപ്പമുള്ള പരാതിയിൽ അക്കമിട്ടു പറയുന്ന എല്ലാ ആരോപണങ്ങളും വിശദമായ അന്വേഷണത്തിനും തെളിവെടുക്കലിനും വിധേയമാക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

മേൽപ്പറഞ്ഞതെല്ലാം സത്യം, സത്യം, സത്യം.

തീയതി: സത്യപ്രസ്താവകൻ
സ്ഥലം:

സത്യപ്രസ്താവകൻ ..... വർഷം ..... മാസം ..... തീയതി ..... സ്ഥലത്തുള്ള എന്റെ ഓഫീസിൽ ഹാജരായി എന്റെ മുമ്പാകെ ഈ സത്യവാങ്മൂലം ഒപ്പിട്ടിട്ടുള്ളതാകുന്നു. സത്യപ്രസ്താവകനെ വ്യക്തിപരമായി എനിക്ക് നേരിട്ടറിയാം എന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

(ഓഫീസ് മുദ്ര) ഗസറ്റഡ് ഓഫീസർ/അഡ്വക്കേറ്റ്/

പരാതി പൂരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരം

1. പരാതി നിശ്ചിത മാതൃകയിൽ ആയിരിക്കണം.
2. എ) **ഡിവിഷൻ ബഞ്ച്**

   (മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എ മാർ, വകുപ്പ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ആൾ ഇൻഡ്യ സർവ്വീസ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാനതല നേതാക്കൾ എന്നിവർ എതിർകക്ഷികളായി വരുന്ന പരാതിയുടെ 2 ഒറിജിനലും 4 ഓഫീസ് കോപ്പിയും എതിർകക്ഷികൾക്കുള്ള ഓരോ കോപ്പിയും ഫയൽ ചെയ്യണം.

   ബി) **സിംഗിൾ ബഞ്ച്**

   മറ്റു പരാതികളിൽ പരാതിയുടെ 1 ഒറിജിനലും + 4 ഓഫീസ് കോപ്പിയും എതിർകക്ഷികൾക്കുള്ള ഓരോ കോപ്പിയും ഫയൽ ചെയ്യേണ്ടതാണ്.

   (ഒറിജിനലിനോടൊപ്പം ഓർഡർ എഴുതുന്നതിനായി 4 അഡീഷണൽ ഷീറ്റ് കൂടി വയ്ക്കേണ്ടതാണ്.)
3. പരാതിക്കാരൻ/എതിർകക്ഷികളുടെ മേൽവിലാസം വ്യക്തമായി പിൻകോഡ് സഹിതം രേഖപ്പെടുത്തണം.
4. പരാതിയോടൊപ്പം സത്യവാങ്മൂലം ചേർക്കണം
5. സത്യവാങ്മൂലം അഡ്വക്കേറ്റ്/ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം
6. സത്യവാങ്മൂലം സാക്ഷ്യപ്പെടുത്തിയ അഡ്വക്കേറ്റിന്റെ റോൾ നമ്പർ, വിലാസം, സീൽ/ഗസറ്റഡ് ഉദ്യോഗസ്ഥന്റെ വിലാസം, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തണം.
7. വക്കാലത്തിൽ കോർട്ട് ഫീ സ്റ്റാമ്പ് 10/- രൂപ അഡ്വക്കേറ്റ് വെൽഫയർ സ്റ്റാമ്പ്, അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫയർ സ്റ്റാമ്പ് എന്നിവ പതിച്ചിട്ടുണ്ടാവണം.
8. പേജ് നമ്പർ ക്രമമായി നൽകണം.
9. പരാതിയോടൊപ്പമുള്ള രേഖകളിൽ (Ext.P1, Ext.P2.....) എന്നിങ്ങനെ രേഖപ്പെടുത്തണം
10. പരാതിക്കാരൻ എല്ലാ പേജിലും ഒപ്പിടണം
11. പരാതിയോടൊപ്പം ഇൻഡക്സ് വയ്ക്കേണ്ടതും, അതിൽ രേഖകൾ ഏത് പേജ് നമ്പരിലാണെന്നും വ്യക്തമാക്കുകയും വേണം.